2/2/23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
**E-mail: sic.ker@nic.in**

**ഹർജി നമ്പർ AP. 1707*(2)/2020/*എസ്.ഐ.സി തീർപ്പ് കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**(ഫയൽ നമ്പർ 13997/എസ്.ഐ.സി-ജി6/2020)**

**സന്നിഹിതൻ**
**ഡോ. കെ. എൽ. വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. കെ.വി. പ്രേംചന്ദ്,
കൃഷ്ണ നിവാസ്,
മനയിൽ, പന്മന (പി.ഒ),
കൊല്ലം - 691 583. } ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & പ്രിൻസിപ്പൽ, SBVS Govt. HSS, പന്മന മനയിൽ, പന്മന (പി.ഒ), കൊല്ലം - 691 583.
2. അപ്പീൽ അധികാരി & റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം, ഹയർ സെക്കന്ററി വിദ്യാഭ്യാസം, തിരുവനന്തപുരം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 10/08/2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 12/08/2020 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 04/09/2020 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 28/10/2020 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 23/11/2020 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 03/12/2020 |
| ഹിയറിംഗ് നടന്ന തീയതി :<br>സ്ഥലം : | 14/12/2022<br>ആഡിയോ/വീഡിയോ കോൺഫറൻസിങ്ങ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ | ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പ പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. കെ.വി. പ്രേംചന്ദ് 23/11/2020 തീയതി സമർപ്പിച്ച അപ്പീൽ ഹർജി 03/12/2020 തീയതി കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP No. 1707(2)/2020/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്കും, ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമല്ല എന്ന ആക്ഷേപമാണ്.

3. ഒന്നാം എതിർകക്ഷി മുമ്പാകെ 10/08/2020 തീയതി സമർപ്പിച്ച അപേക്ഷയിൽ താഴെപ്പറയുന്ന വിവരങ്ങളാണ് ഹർജിക്കാരൻ ആവശ്യപ്പെട്ടത്:

1. 09/07/2020-ലെ സ്കൂൾ, പി.റ്റി.എ യോഗവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന ചോദ്യങ്ങൾക്ക് വിവരങ്ങൾ നൽകണമെന്നാണ്.

   a) പി.റ്റി.എ. യോഗത്തിന്റെ മിനിറ്റ്സിന്റെ പകർപ്പും

   b) പി.റ്റി.എ യോഗ തീരുമാനങ്ങളുടെ പകർപ്പും

   c) പി.റ്റി.എ യോഗത്തിൽ പങ്കെടുത്തവർ എത്രപേർ എന്നും, അവരുടെ വിവരങ്ങളും

2. കൊല്ലം വിദ്യാഭ്യാസ ഉപ.ഡയറക്ടറുടെ സ്കൂൾ മൈതാനത്തെ കായിക പരിശീലനം സംബന്ധിച്ച് ഇറക്കിയ (No. C6-16509/15 dtd. 20/07/2016) ഉത്തരവ് റദ്ദാക്കിയിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ റദ്ദാക്കിയ ഉത്തരവിന്റെ പകർപ്പും

3. കായിക പരിശീലനം നൽകുന്നത് സംബന്ധിച്ച് 18/04/2015-ൽ നമ്പര് C6-20767/2014 പ്രകാരം സ്കൂൾ അധികൃതർക്ക് നൽകിയ ആദ്യ ഉത്തരവിന്റെ പകർപ്പ നൽ കണമെന്നും മറ്റുമായി 5 ഇനം വിവരങ്ങൾ ലഭ്യമാക്കണമെന്നാണ്.

മേൽപ്പടി അപേക്ഷയ്ക്ക് 12/08/2020-ന് എതിർകക്ഷി ഹർജിക്കാരന് മറുപടിയും നൽകിയിട്ടുണ്ട്.

4. 04/09/2020 തീയതി ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിക്ക് 28/10/2020-ന് മറുപടിയും നൽകിയിട്ടുണ്ട്.

5. 28/01/2021 തീയതി രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിട്ടുള്ളത്, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് മറുപടിയായി ആവശ്യപ്പെട്ട രേഖകളുടെ പകർപ്പ് ബോധപൂർവ്വം നൽകിയില്ലായെന്നും ടിയാന്റെ ചോദ്യ നമ്പർ 3, 4, 5 എന്നിവയ്ക്ക് പ്രിൻസിപ്പൽ "ലഭ്യമല്ല" എന്ന മറുപടിയാണ് നൽകിയതെന്നും 04/09/2020 തീയതിയായി ഹർജിക്കാരൻ ടി ഓഫീസിൽ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പരാമർശിച്ചിരുന്നുവെന്നുമാണ്. ടിയാന്റെ അപേക്ഷക്ക മറുപടിയായി 2014-15 കാലഘട്ടത്തിൽ പി.ടി.എ എടുത്തിട്ടുള്ള തീരുമാനങ്ങളുടെ പകർപ്പുകൾ നൽകണമെന്ന് നിർദ്ദേശിച്ചുകൊണ്ട് 28/10/2020-ന് ഒന്നാം എതിർകക്ഷിയ്ക്ക് ടി ഓഫീസിൽ നിന്നും കത്ത് നൽകിയിരുന്നുവെന്നുമാണ്. ടി കത്തിന് മറുപടിയായി 16/11/2020-ന് എസ്.പി.ഐ.ഒ കത്ത് സമർപ്പിച്ചിരുന്നുവെന്നും, കത്തിൽ വളയം ഗവ. ഹയർസെക്കന്ററി സ്കൂളിൽ നിന്നും സ്ഥലമാറ്റം ലഭിച്ച് 03/06/2020-നാണ് ചവറ പന്മന സ്കൂളിൽ പ്രിൻസിപ്പലായി ചുമതലയേറ്റിട്ടുള്ളതെന്നും സ്കൂൾ ആഫീസിൽ സൂക്ഷിച്ച വിവരാവകാശം സംബന്ധിച്ച ഫയലിൽ ഹർജിക്കാരന്റെ അപേക്ഷയിലെ 3, 4, 5 പ്രകാരമുള്ള യാതൊരു കത്തും, പകർപ്പും കണ്ടെത്താൻ കഴിയാത്തതിനാലാണ് ലഭ്യമല്ല എന്ന മറുപടി നൽകിയതെന്നുമാണ്. ഹർജിക്കാരൻ ആവശ്യപ്പെട്ട 1, 2 ചോദ്യങ്ങൾക്ക് മറുപടി നൽകിയിട്ടുണ്ടെന്നു എസ്.പി.ഐ.ഒ വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ 16/11/2020 തീയതി സമർപ്പിച്ചിട്ടുള്ള കത്തിലെ വിവരങ്ങൾ 23/12/2020-ന് ഹർജിക്കാരനെ അറിയിച്ച് അപ്പീൽ തീർപ്പാക്കിയതായി അറിയിച്ചിട്ടുണ്ടെന്നുമാണ്.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ കേട്ടതിലും വിവരാവകാശ നിയമം സെക്ഷൻ 7(8)(ii)(iii) പ്രകാരമല്ല ഹർജിക്കാരനു മറുപടി നൽകിയെന്നതിനാൽ ടിയാനെ കമ്മീഷൻ ശക്തമായി താക്കീതു ചെയ്യുന്നു. ഹർജിക്കാരൻ ആവശ്യപ്പെട്ട ലഭ്യമായ വിവരങ്ങൾ നൽകിയതിനാൽ ടി ഹർജിയിന്മേൽ തുടർ നടപടികൾ അവസാനിപ്പിച്ചുകൊണ്ട് ഇന്നേ ദിവസം 2022 ഡിസംബർ 20-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

**(ഒപ്പ്)**
**ഡോ. കെ.എൽ. വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

(signature)

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

AV